# സാമൂഹ്യശാസ്ത്രം II

## യൂണിറ്റ് ഒന്ന്

## ഋതുഭേദങ്ങളും സമയവും

**ആശയം : ഭ്രമണവും സമയനിർണയവും**

**പ്രവർത്തനം ഒന്ന്**

(1) ഇന്ത്യയുടെ മാനകരേഖാംശം കണക്കാക്കുന്ന രേഖാംശരേഖ ഏത്?

(2) ഗ്രീനിച്ച് രേഖയുടെ സവിശേഷതകൾ എന്തെല്ലാം?

(3) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം രാവിലെ 5.30 am മണിയായിരിക്കെ ഗ്രീനിച്ച് സമയം എത്രയാണ്? കണക്കാക്കുക.

**ഉത്തരസൂചിക**

(1) 82 $1/2^0$ പൂർവരേഖാംശം

(2) $0^0$ രേഖാംശരേഖ

ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി കടന്നുപോകുന്നു

ഈ രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.

പ്രൈം മെറിഡിയൻ എന്നറിയപ്പെടുന്നു

ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി 24 സമയവ്യത്യാസ മേഖലകൾ

(3) ഗ്രീനിച്ച്, ഇന്ത്യ എന്നിവിടങ്ങളിലെ സമയവ്യത്യാസം

= 82 $1/2^0$ അഥവ $80^0$ 30'

$1^0$ = 4 മിനിറ്റ്

$82^0$ = 82 x 4 = 328 മിനിറ്റ്

$1/2^0$ = 2 മിനിറ്റ്


328 + 2 = 330 മിനിറ്റ്

മണിക്കൂറിലാക്കി മാറ്റുമ്പോൾ 330/60 = 5.30 മിനിറ്റ്

- ഇന്ത്യയുടെ പടിഞ്ഞാറ് ഗ്രീനിച്ച് സ്ഥിതിചെയ്യുന്നതിനാൽ ഇന്ത്യയുടെ സമയത്തേക്കാൾ 5 മണിക്കൂർ 30 മിനിറ്റ് കുറവായിരിക്കും ഗ്രീനിച്ചിലെ സമയം.

ഗ്രീനിച്ചിലെ സമയം = 12 മണി രാത്രി ( 12 mid night) **Not AM or PM**


e



## യൂണിറ്റ് രണ്ട്
## കാറ്റിന്റെ ഉറവിടം തേടി

**ആശയം – ആഗോള മർദമേഖലകൾ**

ഏതെങ്കിലും രണ്ട് ആഗോളമർദമേഖലകൾ വ്യക്തമാക്കുക.




**ഉത്തരസൂചിക**

**<u>മധ്യരേഖന്യൂനമർദ മേഖല</u>**

- വർഷം മുഴുവൻ സൂര്യരശ്മി ലംബമായി പതിക്കുന്നു
- മധ്യരേഖക്ക് $5^0$ വടക്കുമുതൽ $5^0$ തെക്കുവരെ
- നിർവാതമേഖല

**<u>ഉപോഷ്ണ ഉച്ചമർദമേഖല</u>**

- $30^0$ വടക്കുമുതൽ $30^0$ തെക്കുവരെ

**പ്രവർത്തനം രണ്ട്**

i. കാലാവസ്ഥമേഖലകളുടെ അടിസ്ഥാനത്തിൽ ചക്രവാതങ്ങളെ എത്രയായി തരംതിരിക്കാം? ഏതെല്ലാം?

ii. കോറിയോലിസ് പ്രഭാവത്താൽ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും ഏതെല്ലാം ദിശകളിലാണ് കാറ്റ് വീശുന്നത്?

**ഉത്തരസൂചിക**

i. രണ്ടായി തരംതിരിക്കാം.

   a) ഉഷ്ണമേഖല ചക്രവാതങ്ങൾ

   b) മിതശീതോഷ്ണമേഖല ചക്രവാതങ്ങൾ

ii. ഉത്തരാർദ്ധഗോളം - എതിർഘടികാരദിശയിൽ

ദക്ഷിണാർദ്ധഗോളം - ഘടികാരദിശയിൽ


## യൂണിറ്റ് മൂന്ന്

## മാനവവിഭവശേഷിവികസനം ഇന്ത്യയിൽ

**ആശയം –വിദ്യാഭ്യാസവും മാനവവിഭവശേഷിവികസനവും**

**പ്രവർത്തനം ഒന്ന്**

വിദ്യാഭ്യാസം മാനവവിഭവശേഷിവികസനത്തെ സഹായിക്കുന്നു. ഫ്ലോചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

എ) വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു

ബി) സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് മെച്ചപ്പെടുത്തുന്നു

സി) മെച്ചപ്പെട്ട തൊഴിൽ, വരുമാനം,...

**പ്രവർത്തനം രണ്ട്**

മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

**ഉത്തരസൂചിക**

1) വിദ്യാഭ്യാസം
2) സാക്ഷരതാനിരക്ക്
3) ആരോഗ്യപരിപാലനം
4) ആയുർദൈർഘ്യം

**ആശയം – ജനസംഖ്യപഠനത്തിന്റെ പ്രാധാന്യം**

**പ്രവർത്തനം മൂന്ന്**


ജനസംഖ്യപഠനത്തിന്റെ പ്രാധാന്യങ്ങളിൽ ഒന്നാണ് രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യതയറിയുക എന്നത് . മറ്റ് പ്രാധാന്യങ്ങൾ എഴുതുക.

**ഉത്തരസൂചിക**

1) പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്
2) ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കുന്നതിന്
3) ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുന്നതിന്.

**പ്രവർത്തനം നാല്**

മാനവവിഭവത്തിന്റെ ഗണപരമായ സവിശേഷതകൾ ഉൾപ്പെടുന്ന ചാർട്ട് പൂർത്തിയാക്കുക.




**ഉത്തരസൂചിക**


a) ജനസംഖ്യവളർച്ച
b) ജനസംഖ്യാഘടന
c) മരണനിരക്ക്
d) സ്ത്രീ -പുരുഷ അനുപാതം
e) ആശ്രയത്വനിരക്ക്

**യൂണിറ്റ് നാല്**

**ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ**

**പ്രവർത്തനം ഒന്ന്**


കോണ്ടൂർ വിശകലനത്തിലൂടെ ഭൂരൂപം കണ്ടെത്തുക




(പേപ്പർ സ്ലിപ്പ് ഉപയോഗിച്ച് ചോദ്യക്കടലാസിൽ നിന്നും കോണ്ടൂർ രേഖകൾ അടയാളപ്പെടുത്തി അത് ഉപയോഗിച്ച് ഉത്തരക്കടലാസിൽ ഭൂരൂപം ചിത്രീകരിക്കുന്നു.)

**പ്രവർത്തനം രണ്ട്**

നൽകിയിട്ടുള്ള മാതൃകാറഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെപ്പറയുന്നവ കണ്ടെത്തിയെഴുതുക.




i. നാലക്കഗ്രിഡ് റഫറൻസ് 8235 സൂചിപ്പിക്കുന്ന ഭൂസവിശേഷത ഏത്?
ii. ശവപ്പറമ്പിന്റെ സ്ഥാനം 4 അക്കഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.
iii. കുഴൽക്കിണറിന്റെ സ്ഥാനം 6 അക്കഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.
iv. 813346 എന്ന 6 അക്ക ഗ്രിഡ്റഫറൻസ് സൂചിപ്പിക്കുന്ന ഭൂസവിശേഷത ഏത്?

**ഉത്തരസൂചിക**

i. കോട്ട
ii. ശവപ്പറമ്പ് -8537
iii. കുഴൽക്കിണർ - 848366
iv. 813346 – നീരുറവ

## യൂണിറ്റ് അഞ്ച്

## പൊതുചെലവും പൊതുവരുമാനവും

**ആശയം : പൊതുചെലവ്**

**പ്രവർത്തനം ഒന്ന്**


പൊതുചെലവിന്റെ രണ്ടു വിഭാഗങ്ങൾ ഏതെല്ലാം? രണ്ട് ഉദാഹരണം വീതം എഴുതുക.

**ഉത്തരസൂചിക**

1. വികസനച്ചെലവ്.
   - ഉദാ. റോഡ്, പാലം, തുറമുഖം എന്നിവ നിർമിക്കൽ
   - വിദ്യാഭ്യാസ സ്ഥാപനങ്ങൾ
2. വികസനേതരച്ചെലവ്
   - ഉദാ. യുദ്ധം, പലിശ, പെൻഷൻ

**പ്രവർത്തനം രണ്ട്**

ഫ്ലോചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

എ) വ്യക്തിഗത ആദായനികുതി

ബി) പരോക്ഷനികുതി

സി) സെൻട്രൽ ജി എസ് ടി

ഡി) ഇന്റഗ്രേറ്റഡ് ജിഎസ് ടി

**പ്രവർത്തനം മൂന്ന്**

വ്യക്തിഗത ആദായനികുതി, കോർപ്പറേറ്റ് നികുതി ഇവ താരതമ്യം ചെയ്യുക

**ഉത്തരസൂചിക**

വ്യക്തിഗത ആദായനികുതി -വ്യക്തികളുടെ വരുമാനത്തിൻമേൽ ചുമത്തുന്ന നികുതി.

കോർപ്പറേറ്റ് നികുതി – കമ്പനികളുടെ ലാഭത്തിൻമേൽ ചുമത്തുന്ന നികുതി.

**പ്രവർത്തനം നാല്**

ജി എസ് ടി സമിതിയുടെ ചെയർമാൻ ആര്? സമിതിയുടെ രണ്ട് ശുപാർശകൾ എഴുതുക.

**ഉത്തരസൂചിക**


- കേന്ദ്രധനകാര്യ മന്ത്രി

1. ജി എസ് ടിയിൽ ലയിപ്പിക്കേണ്ട നികുതികൾ, സെസ്സുകൾ, സർചാർജ്ജുകൾ
2. നികുതിനിരക്കുകൾ നിശ്ചയിക്കൽ
3. ജി എസ് ടി പരിധിയിൽ വരുത്തേണ്ടതും ഒഴിവാക്കേണ്ടതുമായ ചരക്കുകളും സേവനങ്ങളും.

**ആശയം : നികുതിയിതര വരുമാനമാർഗങ്ങൾ**

**പ്രവർത്തനം അഞ്ച്**


പദസൂര്യൻ പൂർത്തിയാക്കാം.




**ഉത്തരസൂചിക**

- ഫീസ്
- പലിശ
- ലാഭം
- ഫൈൻ
- പെനാൽറ്റി

**പ്രവർത്തനം ആറ് –**ഫ്ലോചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

**A) സെൻട്രൽ ജി എസ് ടി**

**B) സംസ്ഥാനഗവൺമെന്റ്**

**C) ഇന്റഗ്രേറ്റഡ് ജി എസ് ടി**

**D)**

**പ്രവർത്തനം ഏഴ്**

ചുവടെ നൽകിയിരിക്കുന്ന നികുതികളെ തരംതിരിക്കാം.

(കോർപ്പറേറ്റ് നികുതി, കേന്ദ്ര ജി എസ് ടി, തൊഴിൽ നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, സംയോജിത ജി എസ് ടി, ഭൂനികുതി, വസ്തു നികുതി.)


| കേന്ദ്രസർക്കാർ | സംസ്ഥാനസർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| • <br> • | • സംസ്ഥാന ജി എസ് ടി <br> • <br> • | • <br> • |

**ഉത്തരസൂചിക**

| കേന്ദ്രസർക്കാർ | സംസ്ഥാനസർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| • കോർപ്പറേറ്റ് നികുതി<br>• കേന്ദ്ര ജി എസ് ടി | • സംസ്ഥാന ജി എസ് ടി<br>• ഭൂനികുതി<br>• സ്റ്റാമ്പ് ഡ്യൂട്ടി | • വസ്തു നികുതി<br>• തൊഴിൽ നികുതി |

**പ്രവർത്തനം എട്ട്**

ചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

A) വികസനച്ചെലവ്

B) യുദ്ധം, പലിശ, പെൻഷൻ

**പ്രവർത്തനം ഒൻപത്**

സർചാർജ്, സെസ്സ് എന്നിവ താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

സർചാർജ് - ഒരു നിശ്ചിത കാലത്തേക്ക് നികുതിക്കുമേൽ ചുമത്തുന്ന അധികനികുതി.

സെസ്സ് - സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധികനികുതി.

**പ്രവർത്തനം പത്ത്.**

പൊതുചെലവ് വർധിക്കുന്നതിനുള്ള സാഹചര്യങ്ങളിലൊന്നാണ് നഗരവൽക്കരണം. മറ്റ് സാഹചര്യങ്ങൾ എഴുതുക.

**ഉത്തരസൂചിക**

- പ്രതിരോധച്ചെലവിന്റെ വർധനവ്
- ജനസംഖ്യാവർധനവ്
- വികസനപ്രവർത്തനങ്ങൾ

**പ്രവർത്തനം പതിനൊന്ന്**

പൊതുകടം വർധിക്കുന്നതിനുള്ള സാഹചര്യങ്ങൾ എഴുതുക.

**ആശയം - ബജറ്റ്**

**പ്രവർത്തനം പന്ത്രണ്ട്**

പടിടകപൂർത്തിയാക്കാം.

| | |
|---|---|
| സന്തുലിത ബജറ്റ് | ............................................... |
| ............................................... | വരുമാനം കൂടുതൽ ചെലവ് കുറവ് |
| കമ്മി ബജറ്റ് | ............................................... |

**ഉത്തരസൂചിക**

| | |
|---|---|
| സന്തുലിത ബജറ്റ് | വരുമാനം = ചെലവ് |
| മിച്ച ബജറ്റ് | വരുമാനം കൂടുതൽ ചെലവ് കുറവ് |
| കമ്മി ബജറ്റ് | ചെലവ് കൂടുതൽ  വരുമാനംകുറവ് |

## യൂണിറ്റ് ആറ്

### ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

**ആശയം കൃത്രിമ ഉപഗ്രഹങ്ങൾ**

**പ്രവർത്തനം ഒന്ന്**

പട്ടിക പൂർത്തിയാക്കാം.

| പ്രത്യേകതകൾ | ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|---|
| ഉയരം | | |
| നിരീക്ഷണ പരിധി | | |
| ഉപയോഗം | | |
| ഉദാഹരണം | | |

**ഉത്തരസൂചിക**

| **പ്രത്യേകതകൾ** | **ഭൂസ്ഥിര ഉപഗ്രഹങ്ങൾ** | **സൗരസ്ഥിര ഉപഗ്രഹങ്ങൾ** |
|---|---|---|
| **ഉയരം** | ഏകദേശം 36000 km | 900 km |
| **നിരീക്ഷണ പരിധി** | ഭൂമിയുടെ 1/3 ഭാഗം നിരീക്ഷണപരിധി | കുറഞ്ഞ നിരീക്ഷണപരിധി |
| **ഉപയോഗം** | വാർത്താവിനിമയം, ദിനാന്തരീക്ഷസ്ഥിതി പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണം | വിദൂരസംവേദനത്തിനുപയോഗിക്കുന്നു ആവർത്തിച്ചുള്ള വിവരശേഖരണം |
| **ഉദാഹരണം** | INSAT (ഇൻസാറ്റ്) | IRS, Landsat |

**പ്രവർത്തനം രണ്ട്**

GPS ന്റെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.

- ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ-രേഖാംശ സ്ഥാനം
- ഉയരം
- സമയം

## യൂണിറ്റ് ഏഴ്
## വൈവിധ്യങ്ങളുടെ ഇന്ത്യ


ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ ഭൂപടരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

a) ഗോദാവരി നദി
b) ലഡാക്ക് മലനിരകൾ
c) നാഗാകുന്നുകൾ
d) മരുസ്ഥലി- ബാഗർ സമതലം
e) ആരവല്ലി പർവതനിര
f) കത്തിയവാർ ഉപദ്വീപ്
g) കൊങ്കൺ തീരസമതലം
h) ഹാൽഡിയ തുറമുഖം
i) ഇന്ത്യയിലെ ആദ്യത്തെ പെട്രോളിയം ഖനനകേന്ദ്രം
j) ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം
k) കൂടംകുളം ആണവോർജനിലയം
l) മാൾവ പീഠഭൂമി

(ഉത്തര പർവതനിരകൾ, ഇന്ത്യ നദികൾ, ഉത്തരമഹാസമതലം, ഉപദ്വീപീയ സവിശേഷതകൾ, തീരസമതലങ്ങൾ, തുറമുഖങ്ങൾ, നഗരങ്ങൾ തുടങ്ങിയവ വ്യക്തമാക്കണം.)

പെട്രോളിയം ഖനനകേന്ദ്രം - ഡിഗ്ബോയി - അസം

കൽക്കരിപ്പാടം - ഝാറിയ – ഝാർഖണ്ഡ്



(12)
ഇന്ത്യ
ⓑ ലഡാക്ക് മലനിരകൾ.
ⓛ മാൾവ പീഠഭൂമി.
ⓓ
ⓒ ആരവല്ലി പർവ്വതനിര.
കത്തിയവാർ ഉപദ്വീപ്.
ⓖ കൊങ്കൺ തീരസമതലം.
ⓐ ഗോദാവരി നദി.
ⓗ [W.B]
ⓙ
ⓘ (ആസാം)
ⓒ നാഗാ കുന്നുകൾ.
ⓚ (T.N)
ബംഗാൾ ഉൾക്കടൽ.
അറബിക്കടൽ.
ഇന്ത്യൻ മഹാസമുദ്രം.



# യൂണിറ്റ് ഏഴ്
# വൈവിധ്യങ്ങളുടെ ഇന്ത്യ

**പ്രവർത്തനം ഒന്ന്**

ഹിമാലയൻ നദികൾ, ഉപദ്വീപീയ നദികൾ എന്നിവയുടെ സവിശേഷതകൾ താഴെപ്പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുക.

- ഉത്ഭവം
- വൃഷ്ടിപ്രദേശം
- അപരദനം
- ജലസേചനം

ഉത്തരസൂചിക

| സൂചന | ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|---|
| ഉത്ഭവം | ഹിമാലയപർവതനിരയിൽ നിന്ന് | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരയിൽ നിന്ന് |
| വൃഷ്ടിപ്രദേശം | അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അപരദനം | അപരദനതീവ്രത കൂടുതൽ | അപരദനതീവ്രത കുറവ് |
| ജലസേചനം | ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |

**പ്രവർത്തനം രണ്ട്**

ചുവടെ നൽകുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി ഹിമാലയപർവതനിരകളെ വർഗീകരിക്കുക

- ശരാശരി ഉയരം 3000 മീറ്റർ
- നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു
- ഏറ്റവും ഉയരം കൂടിയ പർവതനിര
- സുഖവാസകേന്ദ്രങ്ങൾ
- ഹിമാചലിനു തെക്കുഭാഗത്തായി കാണപ്പെടുന്നു
- ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം.

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| •<br>•<br>• | •<br>•<br>• | •<br>•<br>• |

**ഉത്തരസൂചിക**

**ഹിമാദ്രി**

- ഏറ്റവും ഉയരം കൂടിയ പർവതനിര
- ശരാശരി ഉയരം 6000 മീറ്റർ
- ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം.

**ഹിമാചൽ**

- ഹിമാദ്രിയുടെ തെക്കുഭാഗത്തായി കാണപ്പെടുന്നു
- ശരാശരി ഉയരം 3000 മീറ്റർ
- സുഖവാസകേന്ദ്രങ്ങൾ -ഷിംല, ഡാർജിലിംഗ് തുടങ്ങിയവ

**സിവാലിക്**

- ഹിമാചലിനു തെക്കുഭാഗത്തായി കാണപ്പെടുന്നു
- ശരാശരി ഉയരം 1220 മീറ്റർ
- നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു

**പ്രവർത്തനം മൂന്ന്**

തീരസമതലങ്ങളുടെ സവിശേഷതകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| പടിഞ്ഞാറൻതീരസമതലം | കിഴക്കൻതീരസമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>•<br>•<br>• | അറബിക്കടലിനും പൂർവഘട്ടത്തിനുമിടയിൽ<br>•<br>•<br>• |

**ഉത്തരസൂചിക**

| പടിഞ്ഞാറൻതീരസമതലം | കിഴക്കൻതീരസമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>• റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരിവരെ<br>• താരതമ്യേന വീതിക്കുറവ്<br>• കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | അറബിക്കടലിനും പൂർവഘട്ടത്തിനുമിടയിൽ<br>• സുന്ദരവനപ്രദേശംമുതൽ കന്യാകുമാരിവരെ<br>• താരതമ്യേന വീതി കൂടുതൽ<br>• ഡൽറ്റകളുടെ രൂപീകരണം |

## യൂണിറ്റ് എട്ട്

## ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം

**പ്രവർത്തനം ഒന്ന്**

കാർഷിക കാലങ്ങളെ അടിസ്ഥാനമാക്കി പട്ടിക പൂർത്തിയാക്കുക.

| കാർഷികകാലം | വിളയിറക്കൽ | വിളവെടുപ്പ് |
|---|---|---|
| ഖാരിഫ് | ..................A.......................... | നവംബർ |
| ..............B................ | നവംബർ | മാർച്ച് |
| ..............C................ | മാർച്ച് | ജൂൺ |


**ഉത്തരസൂചിക**

A) ജൂൺ

B) റാബി

C) സൈദ്

**അധികവിവരം**




**പ്രവർത്തനം രണ്ട്**

ജലഗതാഗതത്തിന്റെ  ഏതെങ്കിലും രണ്ട് മേന്മകൾ എഴുതുക.

**ഉത്തരസൂചിക**

- ചെലവ് കുറവ്
- മലിനീകരണം കുറവ്
- കൂടുതൽ ചരക്കുനീക്കം
-

**പ്രവർത്തനം മൂന്ന്**

ഉൾനാടൻ ജലഗതാഗതത്തിന് ഉപയോഗിക്കുന്ന പ്രധാന ജലാശയങ്ങൾ ഏതെല്ലാം?

- കേരളത്തിലെ കായലുകൾ
- ഗംഗ, ബ്രഹ്മപുത്ര പോഷകനദി
- ഗോദാവരി, കൃഷ്ണ, മണ്ഡോവി, സുവാരി നദികൾ.

**ആശയം - ഭക്ഷ്യവിളകൾ/ നാണ്യവിളകൾ - ഭൂമിശാസ്ത്രഘടകങ്ങൾ**

**പ്രവർത്തനം നാല്**

പട്ടിക പൂർത്തിയാക്കാം -ഭക്ഷ്യവിളകൾ

| **ഭക്ഷ്യവിളകൾ** | **താപനില** | **മഴ** | **മണ്ണ്** | **സംസ്ഥാനം** |
|---|---|---|---|---|
| നെല്ല് | | | എക്കൽമണ്ണ് | പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, തുടങ്ങിയവ |
| ഗോതമ്പ് | $10^0$ c - $26^0$ | | | UP,പഞ്ചാബ്, ഹരിയാന |
| ചോളം | | 75 cm | | ബിഹാർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ജമ്മുകാശ്മീർ |

**ഉത്തരസൂചിക**

| **ഭക്ഷ്യവിളകൾ** | **താപനില** | **മഴ** | **മണ്ണ്** | **സംസ്ഥാനം** |
|---|---|---|---|---|
| നെല്ല് | $24^0$ c ന് മുകളിൽ | 150 cm ന് മുകളിൽ | എക്കൽമണ്ണ് | WB, UP, AP,etc |
| ഗോതമ്പ് | $10^0$ c - $26^{0c}$ | 75 cm | നീർവാർച്ചയുള്ള എക്കൽമണ്ണ് | UP,പഞ്ചാബ്, ഹരിയാന |
| ചോളം | $25^0$ c | 75 cm | നീർവാർച്ചയുള്ള ഫലഭ്രയിഷ്ഠമായ മണ്ണ് | ബിഹാർ, പഞ്ചാബ്, HP, JK |

**കൂടുതൽ അറിവിലേക്ക്**

നാണ്യവിളകൾ - ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ

| **നാണ്യവിളകൾ** | **താപനില** | **മഴ** | **മണ്ണ്** | **സംസ്ഥാനം** |
|---|---|---|---|---|
| പരുത്തി | $20\,^0c$ - $30\,^0c$ | ചെറിയതോതിൽ | കറുത്തമണ്ണ്,എക്കൽമണ്ണ് | മഹാരാഷ്ട്ര, ഗുജറാത്ത്, AP |
| ചണം | ഉയർന്നതാപനില | 150 cm | നീർവാർച്ചയുള്ള എക്കൽ മണ്ണ് | WB, ആസാം, ഒഡീഷ |
| തേയില | $25^0\,c$ - $30\,^0c$ | 200-250 cm | ജൈവാംശമുള്ള മണ്ണ് | WB, ആസാം, കേരളം |
| കാപ്പി | മിതമായ താപനില | ഉയർന്ന വർഷപാതം | നീർവാർച്ചയുള്ള മണ്ണ് | കർണാടകം, തമിഴ്നാട്, കേരളം |
| കരിമ്പ് | ഉയർന്ന താപനില | ഉയർന്ന വർഷപാതം | കറുത്തമണ്ണ്, എക്കൽമണ്ണ് | UP, മഹാരാഷ്ട്ര, കർണാടകം |
| റബ്ബർ | $25\,^0c$ ന് മുകളിൽ | 150 cm ന് മുകളിൽ | ലാറ്ററൈറ്റ് | തമിഴ്നാട്, കേരളം, ആൻഡമാൻ |

## യൂണിറ്റ് ഒൻപത്
## ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

**പ്രവർത്തനം ഒന്ന്**

റിസർവ് ബാങ്കിന്റെ ധർമങ്ങൾ എഴുതുക.

- നോട്ട് അച്ചടിച്ചിറക്കുക
- വായ്പ നിയന്ത്രിക്കുക
- സർക്കാരിന്റെ ബാങ്ക്
- ബാങ്കുകളുടെബാങ്ക്

**ആശയം - വാണിജ്യബാങ്ക ധർമങ്ങൾ**

- നിക്ഷേപങ്ങൾ സ്വീകരിക്കുക
- വായ്പകൾ നൽകുക

**കൂടുതൽ അറിവിലേക്ക് – നിക്ഷേപങ്ങൾ**


| | |
|---|---|
| സമ്പാദ്യനിക്ഷേപം | • സമ്പാദ്യങ്ങൾ നിക്ഷേപിക്കാൻ സഹായിക്കുന്നു<br>• സമ്പാദ്യശീലം വളർത്തുന്നു<br>• കുറഞ്ഞ പലിശ |
| പ്രചലിത നിക്ഷേപം | • പണം എപ്പോൾ വേണമെങ്കിലും പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയും<br>• വ്യവസായികളും വ്യാപാരികളും ഉപയോഗിക്കുന്നു<br>• പലിശ ലഭിക്കില്ല |

| | |
|---|---|
| സ്ഥിരനിക്ഷേപം | • നിശ്ചിത കാലയളവിലേക്ക് നിക്ഷേപിക്കുന്നു<br>• ഉയർന്ന പലിശ<br>• കാലാവധി അടിസ്ഥാനമാക്കി പലിശനിരക്ക് നിശ്ചയിക്കുന്നു |
| ആവർത്തിത നിക്ഷേപം | • നിശ്ചിത തുക പ്രത്യേക കാലയളവിലേക്ക് എല്ലാ മാസവും നിക്ഷേപിക്കുന്നു<br>• സമ്പാദ്യനിക്ഷേപത്തെക്കാൾ പലിശ ലഭിക്കുന്നു<br>• കാലാവധി തീരുന്നതിനു മുൻപ് പിൻവലിച്ചാൽ പലിശ കുറയും |

**ആശയം - ബാങ്കുകൾ നൽകുന്ന സൗകര്യങ്ങൾ/ സേവനങ്ങൾ.**

**പ്രവർത്തനം രണ്ട്**

ബാങ്കുകൾ അടിസ്ഥാന ധർമം നിർവഹിക്കുന്നതിനോടൊപ്പം ചില സൗകര്യങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്കു നൽകുന്നു. നൽകിയിട്ടുള്ള ഡയഗ്രം പൂർത്തിയാക്കുക.




**ഉത്തരസൂചിക**

- ഡിമാന്റ് ഡ്രാഫ്റ്റ്
- ഇൻഷുറൻസ് പ്രീമിയം
- വൈദ്യുതി ചാർജ്
- മൊബൈൽ റീചാർജ്
- മെയിൽ ട്രാൻസ്ഫർ
- എ ടി എം
- ക്രെഡിറ്റ് കാർഡ്
- ടെലഫോൺ ചാർജ്
- യാത്രാടിക്കറ്റുകൾ

**ആശയം - ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകൾ**

**പ്രവർത്തനം മൂന്ന്**

ഇലക്ട്രോണിക് ബാങ്കിംഗ്, കോർബാങ്കിംഗ് സവിശേഷതകൾ താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

- സമയലാഭം
- ഇന്റർനെറ്റ് സൗകര്യം
- കുറഞ്ഞ സർവീസ് ചാർജ്

- നെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്
- ബാങ്കിൽ നേരിട്ട് പോകാതെ ബാങ്കിന്റെ സേവനങ്ങൾ ലഭ്യമാക്കാം
- ആധുനിക സാങ്കേതികവിദ്യയുടെ സഹായം.

## യൂണിറ്റ് പത്ത്

## ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

**പ്രവർത്തനം ഒന്ന്**

ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിലൊന്നാണ് മായം ചേർക്കൽ എന്നത്.മറ്റ് മൂന്ന് സന്ദർഭങ്ങൾ കൂടി എഴുതുക

**ഉത്തരസൂചിക**

- ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിൽക്കുന്നത്.
- അമിതവില ഈടാക്കുന്നത്
- അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്
- സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം

**പ്രവർത്തനം രണ്ട്**

ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

1. പകരം സാധനം നൽകൽ
2. നൽകിയപണം / അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ
3. പരാതിച്ചെലവ് ലഭ്യമാക്കൽ
4. ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന നിരോധിക്കൽ

   മറ്റു സാഹചര്യങ്ങളും പരിഗണിക്കാം.

**പ്രവർത്തനം മൂന്ന്**

ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന ഏതെങ്കിലും മൂന്ന സന്ദർഭങ്ങൾ എഴുതുക.

1. വിലയ്ക്കു വാങ്ങിയ സാധനത്തിന് കേടുപാടുകൾ / പോരായ്മകൾ സംഭവിക്കുക
2. മായംചേർക്കൽ നിരോധന നിയമം ലംഘിക്കുക
3. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ

**പ്രവർത്തനം നാല്**

സാധാരണ കോടതി നടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ഉപഭോക്തൃ കോടതികളുടെ നടപടിക്രമങ്ങൾ. ഉപഭോക്തൃ കോടതികളുടെ പ്രധാന സവിശേഷതകൾ എഴുതുക.

ഉത്തരസൂചിക

1. നടപടിക്രമങ്ങൾ ലളിതമാണ്
2. അതിവേഗം നീതി നടപ്പാക്കൽ
3. വ്യവഹാരച്ചെലവ് കുറവ്.